# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 453 — 29.06.2015 ൽ മറുപടിയ്ക്ക്

## കൊല്ലം ജില്ലാ സഹകരണ ബാങ്കിലെ ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ അധീനതയിൽ ഉള്ള ശാഖകളിൽ ബ്രാഞ്ച് മാനേജർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഒഴിവുക ളുടെ എണ്ണം ബ്രാഞ്ച് തിരിച്ച് വെളിപ്പെടുത്തുമോ; | (എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിൽ, ബ്രാഞ്ച് മാനേജർ തസ്തികയിൽ 8 ഒഴിവുകൾ നിലവിലുണ്ട്. ശാഖാ മാനേജർ തസ്തികകൾ ബാങ്ക് ആസ്ഥാനത്തും, ശാഖകളിലുമാണ് അനുവദിക്കപ്പെട്ടിട്ടുള്ളതെന്നതിനാൽ ശാഖ തിരിച്ച് ഒഴിവുകൾ പരാമർശിക്കാൻ കഴിയില്ല. |
| (ബി) പ്രസ്തുത ഒഴിവുകൾ എന്നു മുതലാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ; | (ബി) പ്രസ്തുത ഒഴിവുകൾ സഹകരണ സംഘം രജിസ്ട്രാറുടെ 11.06.2014 ലെ സി.ബി(3) 43833/2013 നമ്പർ ഉത്തരവ് അനുസരിച്ചാണ് നിലവിൽ വന്നത്. ടി ഉത്തരവിന് 09.09.2013 തീയതി മുതൽ പ്രാബല്യമുണ്ട്. |
| (സി) പുതിയതായി അനുവദിച്ച ശാഖകളിലെ നിലവിലുള്ള ഒഴിവുകളും റിട്ടയർമെന്റ് ഒഴിവുകളും പ്രത്യേകം പ്രത്യേകമായി വെളിപ്പെടുത്തുമോ? | (സി) പുതുതായി അനുവദിച്ച ശാഖകളിൽ തസ്തികകൾ അനുവദിച്ചിട്ടില്ലാത്തതിനാൽ ടി ശാഖകളിൽ നിലവിലുള്ള ഒഴിവുകളും റിട്ടയർമെന്റ് ഒഴിവുകളും ഇല്ല. |

സെക്ഷൻ ഓഫീസർ